മുകളിലെ കരാർ വ്യവസ്ഥകളനുസരിച്ച് ഭൂമി കമ്പനി വിലയ്ക്കെടുത്ത് ഇവരെ മാറ്റി താമസിപ്പിക്കുന്നതിനും തീരുമാനം ആയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കരാർ വ്യവസ്ഥ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കേരളാ ഹൈടെക് ഇൻഡസ്ട്രീസ് ഏറ്റെടുക്കൽ

29 (2085)ശ്രീ. പി.ജെ. ജോയി :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എം. മുരളി :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹൈടെക് ഇൻഡസ്ട്രീസ് ഏറ്റെടുത്ത് നടത്തുവാൻ ഏതെങ്കിലും സ്വകാര്യ വ്യവസായികൾ മുന്നോട്ട് വന്നിട്ടുണ്ടോ; എങ്കിൽ പേര് വെളിപ്പെടുത്തുമോ;

(ബി) അവർ എന്തെല്ലാം വ്യവസ്ഥകളാണ് ഇക്കാര്യത്തിൽ മുന്നോട്ട് വച്ചത്;

(സി) അവരുടെ വ്യവസ്ഥകൾ ഗവൺമെന്റിന് സ്വീകാര്യം ആയിരുന്നുവോ;

(ഡി) അല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഈ വ്യവസായത്തെ എന്ന് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള ഹൈടെക് ഇൻഡസ്ട്രീസ് ഏറ്റെടുക്കുന്നതിന് അമേരിക്കയിലെ 'പ്രാറ്റ് & വിറ്റ്നി' എന്ന സ്വകാര്യ സ്ഥാപനം താല്പര്യം കാണിച്ചിരുന്നു. പക്ഷെ ഇത് നിലവിലുള്ള സർക്കാരിന്റെ നയത്തിന് വിരുദ്ധമായിരുന്നതുകൊണ്ട് മേൽനടപടി സ്വീകരിച്ചില്ല.

(ബി) ഈ സ്ഥാപനത്തിന്റെ മൂലധനത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ അവരുടെ അധീനത്തിൽ വരണമെന്നും അങ്ങനെ കമ്പനിയുടെ നടത്തിപ്പ് അവരുടെ നിയന്ത്രണത്തിൽ ആയിരിക്കണമെന്നുമായിരുന്നു വ്യവസ്ഥകൾ.

(സി) സ്വീകാര്യമായിരുന്നില്ല.

(ഡി) 50 ശതമാനത്തിൽ കൂടുതൽ മൂലധനം നൽകിയാൽ പൊതുമേഖലാ സ്ഥാപനം സ്വകാര്യ സ്ഥാപനമാകുമെന്നുള്ളതുകൊണ്ട് സർക്കാർ താൽപര്യം കാണിച്ചില്ല.

(ഇ) ബി.ഐ.എഫ്.ആറിൽ പോയിരിക്കുന്ന ഈ സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്. ഏതാനും മാസങ്ങൾക്കകം ഈ നടപടികൾ പൂർത്തിയാക്കാമെന്നു കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly